**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2717** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ വായ്പാ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിലവിലുള്ള വായ്പാകുടിശിക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിലവിൽ 47172.13 കോടി രൂപയുടെ വായ്പാ കുടിശ്ശികയുണ്ട്. |
| (ബി) | തിരിച്ചടവ് കുടിശിക വരുത്തിയവർക്ക് വേണ്ടി 2023-24 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര പ്രാവശ്യം നടത്തിയിരുന്നുവെന്നും അതിലൂടെ ലഭ്യമായ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | തിരിച്ചടവ് കുടിശ്ശിക വരുത്തിയവർക്ക് വേണ്ടി 2023-24 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി രണ്ട് പ്രാവശ്യം നടപ്പിലാക്കിയിരുന്നു. 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും എന്നിങ്ങനെ രണ്ട് തവണ "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം 5791.28 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾ, സംസ്ഥാന/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ അതാത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഗുണകരവുമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. കേരള ബാങ്കിന് 30.06.2024 വരെ കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | വായ്പാ തിരിച്ചടവ് കുടിശിക വരുത്തിയവർക്ക് വേണ്ടി 2024-25 സാമ്പത്തിക വർഷത്തിൽ നടത്തിയതും നടത്താൻ ഉദ്ദേശിക്കുന്നതുമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളുടെ വിശദാംശം നൽകാമോ; | (സി) | വായ്പാ തിരിച്ചടവ് കുടിശ്ശിക വരുത്തിയവർക്ക് വേണ്ടി 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്) - ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി 2024 ജൂൺ 30 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ആർബിട്രേഷൻ കേസുകൾ, എക്സിക്യൂഷൻ കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി 2024 മാർച്ച് 31 -ന് ബാക്കി നിൽപ്പുള്ള പ്രസ്തുത കേസുകളിൽപ്പെട്ട വായ്പാക്കാർക്ക് മാത്രമായി ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്തവർക്ക് തിരിച്ചടവ് കാലാവധി നീട്ടിക്കൊടുക്കുകയോ തുക എഴുതി തള്ളുകയോ മറ്റു ഇളവുകൾ നൽകുകയോ ചെയ്യുമോ; വ്യക്തമാക്കുമോ? | (ഡി) | വായ്പാകുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കാലയളവിൽ ടി പദ്ധതി പ്രകാരമുള്ള ഇളവുകൾ അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ